**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2982 — 22.02.2016-ൽ മറുപടിയ്ക്ക്

# വീട്ടിൽ ഒരു മാവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര മാവിൻ തൈയ്യാണ് വിതരണം ചെയ്തത്; മാവിൻ തൈ വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; മാവിൻ തൈയ്ക്ക് കർഷകരിൽ നിന്നും തുക ഈടാക്കിയിരുന്നോ; ഈടാക്കിയിരുന്നെങ്കിൽ എത്ര രൂപ ഇത്തരത്തിൽ ഒരു മാവിൻ തൈയ്ക്ക് ഈടാക്കി എന്ന് പറയാമോ; | എ) മാവിന്റെ വിള വിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ ഘടകം ഒരു വീട്ടിൽ ഒരു മാവ് എന്ന പേരിൽ 2011-12 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിലായി 722670 മാവിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തിൽ 556 പഞ്ചായത്തുകളിലായി 16,68,000 മാവിൻതൈകൾ വിതരണം ചെയ്തു വരുന്നു. മാവിൻതൈ വിതരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്ക്കോ), ഹോർട്ടികോർപ്പ്, M/s.ഗ്രീൻ മെഡോസ് അഗ്രി ഹോർട്ടിസൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം, വൃക്ഷാ നഴ്സറി വയനാട്, ആർ.എ.ആർ.എസ്. അമ്പലവയൽ, ആറളം ഫാം, എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മാവിൻ തൈയ്ക്ക് കർഷകരിൽ നിന്നും തുക ഈടാക്കിയിരുന്നില്ല. |
| ബി) മാവിൻ തൈ വിതരണത്തിന് പല പഞ്ചായത്തുകളിലും മെമ്പർമാർ അനധികൃതമായി കർഷകരിൽ നിന്നും പണം ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക ഈടാക്കിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അന്വേഷിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**